**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 301** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണം എപ്രകാരം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (എ) | അഞ്ചു വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കേരളത്തിലെ എല്ലാ തലങ്ങളിലുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വികസന -ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മോണിറ്റർ ചെയ്യാനും സാധിക്കുന്നതാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ജീവനക്കാരെ വിന്യസിക്കാൻ കഴിയും എന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ അനുഭവിക്കുന്ന മാനവശേഷി കുറവിന് പരിഹാരം സാധ്യമാകുന്നതാണ്. എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ള ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തുന്നതോടെ സേവനങ്ങൾ വേഗതയിലും കാര്യക്ഷമമായും ലഭ്യമാക്കാൻ കഴിയുന്നതാണ്.<br><br>ഏകീകൃത വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പുതിയ ഏകോപിത ജില്ലാ സംവിധാനം വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സഹായകമാകുന്നതാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അഞ്ചു വ്യത്യസ്ത വകുപ്പുകളുടെ നിലവിലുള്ള ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ പ്രവർത്തനക്ഷമമാകുമ്പോൾ പ്രവർത്തനധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും പുനർക്രമീകരിക്കുന്നതു വഴി ധാരാളം ആവർത്തനപ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസനപ്രവർത്തന വിടവുകളും ഒഴിവാകുന്നു. ഈ |

| | | | |
|---|---|---|---|
| | | | നേട്ടം ജില്ലാ ആസൂത്രണ സമിതിയുടെ സമഗ്രമായ പിന്തുണാപ്രവർത്തനത്തിന് കാര്യക്ഷമമായി വിനിയോഗി ക്കാവുന്നതാണ്. കൂടാതെ ആസൂത്രണ പ്രവർത്തനങ്ങളിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പു വരുത്താൻ കഴിയുന്നു. ആയത് പ്രാദേശിക പദ്ധതികളുടെ സാങ്കേതികമേന്മയും സമയക്രമവുമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്. |
| (ബി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ജില്ല ഒന്നാകെയുമുള്ള പദ്ധതി ആസൂത്രണം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണത്തിലൂടെ സാധ്യമാകുമോ എന്ന് അറിയിക്കാമോ; | (ബി) | ഏകീകൃത വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പുതിയ ഏകോപിത ജില്ലാ സംവിധാനം വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സഹായകമാകുന്നതാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അഞ്ചു വ്യത്യസ്ത വകുപ്പുകളുടെ നിലവിലുള്ള ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ പ്രവർത്തനക്ഷമമാകുമ്പോൾ പ്രവർത്തനധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും പുനർക്രമീകരിക്കുന്നതു വഴി ധാരാളം ആവർത്തനപ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസനപ്രവർത്തന വിടവുകളും ഒഴിവാകുന്നു. ഈ നേട്ടം ജില്ലാ ആസൂത്രണ സമിതിയുടെ സമഗ്രമായ പിന്തുണാപ്രവർത്തനത്തിന് കാര്യക്ഷമമായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ ആസൂത്രണ പ്രവർത്തനങ്ങളിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പു വരുത്താൻ കഴിയുന്നു. ആയത് പ്രാദേശിക പദ്ധതികളുടെ സാങ്കേതിക മേന്മയും സമയക്രമവുമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്.<br><br>കൂടാതെ ജില്ലാ വികസനപദ്ധതി രൂപീകരിക്കുന്നതിനും വികസന മാസ്റ്റർ പ്ലാനുകൾ ഗുണമേൻമയോടെ തയ്യാറാക്കുന്നതിനും സാധിക്കുന്നതാണ്. ജില്ലയിലെ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിച്ചു കൊണ്ട് പൊതുവായ വികസനപദ്ധതികൾ രൂപകല്പന ചെയ്യാനും നടപ്പാക്കാനും സാധിക്കുന്നതുമാണ്. |
| | | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ പ്രാദേശിക വികസന പദ്ധതികളുടെ നിർവ്വഹണം കാലവിളംബം ഒഴിവാക്കി കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പുതിയ സംവിധാനത്തിലൂടെ സാധ്യമാകുമോ; വിശദമാക്കുമോ? | (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണം, കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന ആസൂത്രിത പദ്ധതികളും അധികാര വികേന്ദ്രീകരണം വഴിയുള്ള തനതു വാർഷിക പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം ആസൂത്രണം ചെയ്തു ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സഹായകമാകുന്നതാണ്. ത്രിതല പഞ്ചായത്തുകളിലെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും ത്രിതല പഞ്ചായത്തുകളും നഗരസഭകളും ചേർന്നുള്ള സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും ഏകോപിത പൊതുസർവ്വീസിന്റെ പിന്തുണ വളരെയധികം പ്രയോജനപ്പെടുന്നതാണ്. കൂടാതെ ഇതുവഴി ഇരട്ടിപ്പുകളും ആവർത്തനങ്ങളും ഒഴിവാക്കുന്നതിനുള്ള സാഹചര്യവും ഉണ്ടാകുന്നു. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ (നഗര വികസനത്തിനും ഗ്രാമ വികസനത്തിനും) ഫലപ്രദമായും കാര്യക്ഷമമായും അതോടൊപ്പം സംസ്ഥാനത്തിന് പ്രയോജനകരമാം വിധത്തിലും ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും അവലോകനത്തിനും ആവശ്യമായ നേതൃത്വം വഹിക്കുന്നത് വകുപ്പു തലത്തിലാണ്. അതിനാവശ്യമായ ഏകോപന സംവിധാനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന് കാര്യക്ഷമമായി രൂപകൽപ്പന ചെയ്ത് പ്രാവർത്തികമാക്കാൻ കഴിയും. മാത്രവുമല്ല വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനപദ്ധതികളുമായും സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര വികസനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് സഹായകമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ